പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1383 — 11-08-2017-ലെ മറുപടിയ്ക്ക്

## കാർഷിക കടങ്ങൾ എഴുതി തള്ളുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനിൽ അക്കര**<br>**ശ്രീ. റോജി എം. ജോൺ**<br>**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**ശ്രീ. ഐ.സി.ബാലകൃഷ്ണൻ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) നാണ്യവിളകളുടെ വിലത്തകർച്ചയും രൂക്ഷമായ വരൾച്ചയും മൂലം കർഷകർ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്.<br>റബർ മേഖലയിലെ പ്രതിസന്ധി അതിജീവിക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിവരുന്നു. നാളികേരത്തിന്റെ വിലത്തകർച്ച അതിജീവിക്കുന്നതിനായി പച്ച നാളികേര സംഭരണ പദ്ധതി കേരഫെഡ് മുഖേന നടപ്പിലാക്കിവരുന്നു. 2016-17 സാമ്പത്തിക വർഷം പ്രകൃതിക്ഷോഭം മൂലം വിളനാശം നേരിട്ട കർഷകർക്ക് നഷ്ടപരിഹാരമായി വിവിധ ജില്ലകളിലായി ആകെ 76.16 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. |
| (ബി) പഞ്ചാബ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ കാർഷിക വായ്പ എഴുതി തള്ളിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ സംസ്ഥാനത്തെ കർഷകരുടെ രണ്ട് ലക്ഷം രൂപ വരെയുള്ള കാർഷിക കടങ്ങൾ എഴുതി തള്ളുവാൻ നടപടി സ്വീകരിക്കുമോ? | (സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല |

**സെക്ഷൻ ഓഫീസർ**